**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:7463 14.07.2014-ൽ മറുപടിയ്ക്ക്

## അച്ചടിവകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ശിവൻകുട്ടി | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കേരള ഗവ. പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് , കേരളാ പബ്ളിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചത് മാറ്റം വരുത്താതെ നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?<br><br>(ബി) ആയത് നടപ്പിലാക്കണമെന്ന് ഹൈക്കോ ടതി ഡിവിഷൻ ബഞ്ച് ഉത്തരവു പുറപ്പെടുവിച്ചിരുന്നോ എന്നും ടി ഉത്തര വിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ? | എ& ബി) | അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കേരളാ പബ്ളിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കേരള ഗവ. പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് കരട് സ്പെഷ്യൽ റൂൾ നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. കമ്മിറ്റി ചില നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ബഹു മാനപ്പെട്ട ഹൈക്കോടതി OP(KAT) 2906/2013, 3432/2013 എന്ന കേസുകളിൽ 5.2.2014 ൽ താഴെപറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി 'അച്ചടി വകുപ്പിലെ എല്ലാ നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും സ്പെഷ്യൽ റൂൾ ഫൈനലൈസ് ചെയ്യുന്നതുവരെ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുള്ള കരട് സ്പെഷ്യൽറൂളിന് അനുസൃതമായി നടത്തേണ്ടതാണ്. അത്തരത്തിൽ നടത്തിയിരിക്കുന്ന നിയമനങ്ങൾ അന്തിമ സ്പെഷ്യൽ റൂൾ വിജ്ഞാപനത്തിന് വിധേയമായിട്ടായിരിക്കണം നടപ്പിലാക്കേണ്ടത്.' ഇപ്രകാരം നടപ്പിലാക്കുന്നതിന് അച്ചടിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ